

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് – കേരള (സീമാറ്റ്)

ഓഡിറ്റ് റിപ്പോർട്ട് 2021-22

ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail : lfadtvm@yahoo.in, dotvm.ksad@kerala.gov.in

നം. കെ.എസ്.എ.റ്റി.വി.എം/മിസ്.1/934/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം-695001.
Phone No : 0471-2331231
E-mail lfadtvm@yahoo.in
തീയതി : 06.07.2023

ജോയിന്റ് ഡയറക്ടർ

ഡയറക്ടർ,
സീമാറ്റ് കേരള

സർ,

വിഷയം :- സീമാറ്റ് കേരളയുടെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയയ്ക്കുന്നത് സംബന്ധിച്ച്.

*****

സീമാറ്റ് കേരളയുടെ 2021-22 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ആവശ്യമായ തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ ഓഫ് ജനറൽ എഡ്യുക്കേഷൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. കാര്യാലയ പ്രതി.

നം. കെ.എസ്.എ.റ്റി.വി.എം/മിസ്.1/934/2023 **തീയതി. 06.07.2023**

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയിനിംഗ് – കേരള (സീമാറ്റ്) 2021-22 വർഷത്തെ വാർഷിക കണക്കിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*****

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും	ശ്രീജ .കെ, ഡെപ്യൂട്ടി ഡയറക്ടർ (ഇൻചാർജ് ഓഫ് ജോയിന്റ് ഡയറക്ടർ)
ഓഡിറ്റ് നടത്തിയ തീയതി	08.06.2023 മുതൽ 14.06.2023 വരെ
ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം	ശ്രീമതി ലതാകുമാരി .എം, ഓഡിറ്റ് ഓഫീസർ (H.G)
	ശ്രീ. ജോസ് .ഡബ്ല്യു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ. അനിൽ കുമാർ .ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
	ശ്രീ. ശ്രീജിത്ത് .എസ്.കെ, സീനിയർ ഗ്രേഡ് ഓഡിറ്റർ (PEN 419889)
	ശ്രീമതി അമലാ ദേവ്, ഓഡിറ്റർ
	ശ്രീമതി മിനിമോൾ എസ്, ഓഡിറ്റർ

നിർവ്വഹണാധികാരികൾ

ഡയറക്ടർ	ഡോ. എം.എ.ലാൽ. (01.04.2021 മുതൽ 02.12.2021 വരെ)
	ഡോ. സാബു എച്ച്. (02.12.2021 മുതൽ 31.03.2022 വരെ)

ഭാഗം –1

പൊതു അവലോകനം

1-1 ഓഡിറ്റിന്റെ വ്യാപ്തി

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് & ട്രെയ്നിംഗ്-കേരള (സീമാറ്റ്-കേരള)യുടെ 2021-2022 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ഓഡിറ്റിന് വിധേയമാക്കി. സ്ഥാപനം ലഭ്യമാക്കിയ രേഖകളുടെയും സമർപ്പിച്ച മറുപടികളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയത്. സ്ഥാപനം സമർപ്പിച്ച തെറ്റായ വിവരങ്ങളുടെ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

1-2 ആമുഖം

തിരുവിതാംകൂർ-കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് 1955 പ്രകാരം സ്വതന്ത്രപദവിയുള്ള സ്ഥാപനമായി [ജി.ഒ.(എം.എസ്) 17/2005/ജി.എഡ്യൂ. തീയതി.28.05.2005] സീമാറ്റ്-കേരള 21.07.2005-ൽ പ്രവർത്തനമാരംഭിച്ചു. ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പിന്റെ സ.ഉ (സാധാ) നമ്പർ 10000/15/ധന തീയതി 18.11.2015 ഉത്തരവ് പ്രകാരം സീമാറ്റിന്റെ ഓഡിറ്റ് നടത്തുന്നതിന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

1-3 പൊതു അവലോകനം

(1) സ്ഥാപനത്തിന്റെ ഘടന

സ്ഥാപനത്തിന്റെ ഭരണചുമതലയും, നിയന്ത്രണവും എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ കൗൺസിൽ എന്നിവയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജനറൽ കൗൺസിലിൽ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ ഉൾപ്പെടെ 23 അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ 10 അംഗങ്ങളുമാണ് ഉള്ളത്. വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ജനറൽ കൗൺസിൽ യോഗങ്ങളും (റൂൾ 13) മൂന്ന് മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (റൂൾ 31) കൂടേണ്ടതാണെന്ന് നിയമാവലിയിൽ നിഷ്കർഷിച്ചിട്ടുണ്ട്.

2) സ്ഥാപനത്തിന്റെ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും -അവലോകനം

വിദ്യഭ്യാസ ആസൂത്രണത്തിലും നിർവ്വഹണത്തിലും മികവിന്റെ കേന്ദ്രമായി പ്രവർത്തിക്കുകയെന്ന ലക്ഷ്യത്തോടെ സ്ഥാപിതമായ സീമാറ്റിന്റെ Memorandum of Association [G.O(MS) No.17/2005/ G.Edn Dtd 28.05.2005] ഖണ്ഡിക 4-ൽ പ്രതിപാദിക്കുന്ന ലക്ഷ്യങ്ങൾ പ്രകാരം വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗസ്ഥർ, അക്കാദമിക - ഭരണതല ഉദ്യോഗസ്ഥർ എന്നിവർക്ക് പരിശീലനം നൽകേണ്ടതുണ്ട്. ജനപ്രതിനിധികളുൾപ്പെടെയുള്ള ഉന്നത വ്യക്തികൾക്ക് വിദ്യാഭ്യാസ ആസൂത്രണം, നയരൂപീകരണം, ഭരണ നിർവ്വഹണം എന്നിവയിൽ ഓറിയന്റേഷൻ പ്രോഗ്രാമുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കേണ്ടതുമുണ്ട്. ലക്ഷ്യസാക്ഷാത്കരണത്തിനായി പുസ്തകങ്ങൾ, ആനുകാലികങ്ങൾ, പ്രബന്ധങ്ങൾ എന്നിവ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതും ലക്ഷ്യത്തിലുൾപ്പെട്ടതാണ്.

സ്ഥാപനത്തിന്റെ 2021-22 വർഷത്തെ വാർഷിക പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

i) വിദ്യാഭ്യാസൂത്രണ മാനേജ്മെന്റിൽ ഗവേഷണങ്ങൾ നടത്തുകയും അവ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

ii) വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഉപദേശങ്ങൾ നൽകുക.

iii) നൂതനമായ പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.

iv) വിദ്യഭ്യാസ മേഖലയിലെ ആസൂത്രണവും നയരൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അക്കാദമികവും തൊഴിലധിഷ്ഠിതവുമായ നിർദേശങ്ങൾ നൽകുക.

v) സാങ്കേതിക വിഭവങ്ങളുടെ പരമാവധി ഉപഭോഗത്തിനായി മറ്റ സ്ഥാപനങ്ങളുടെ സഹായം ഉറപ്പുവരുത്തുക.

ഓഡിറ്റ് വർഷം സ്ഥാപനം ഏറ്റെടുത്ത പ്രധാന പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ എൽ പി/യു പി, ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ തുടങ്ങി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നേതൃസ്ഥാനങ്ങളിലുള്ളവരാണ് സീമാറ്റ്-കേരള സംഘടിപ്പിക്കുന്ന മാനേജ്മെന്റ് പരിശീലനങ്ങളുടെ ഗുണഭോക്താക്കൾ. 2005 ൽ സീമാറ്റ്-കേരള സ്ഥാപിതമായതുമുതൽ 90855 ലേറെ പേർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾ അക്കാദമിക-ഔദ്യോഗിക ജീവിതത്തിൽ പരിശീലനാർത്ഥികളെ ഉന്നതനിലവാരത്തിൽ എത്തിച്ചുവരുന്നു. വിദ്യാഭ്യാസ ഓഫീസർമാർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മാർഗ്ഗദീപമായി മാറിയ പല കൈപ്പുസ്തകങ്ങളും രേഖകളും ഗവേഷണത്തിലൂടെ തയ്യാറാക്കി നൽകാനും സീമാറ്റ്-കേരളയ്ക്ക് സാധിച്ചു. ഗുണമേന്മയുള്ള പരിശീലനം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക എന്നതാണ് സീമാറ്റ്-കേരളയുടെ പ്രധാന ലക്ഷ്യം. 2021-22 -ൽ വിവിധ വിഭാഗങ്ങളിൽപ്പെടുന്ന 3748 പേർക്കാണ് സീമാറ്റ്-കേരളയുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മാനേജ്മെന്റ് പരിശീലനം ലഭിച്ചത്.

2021-22 ൽ സംഘടിപിച്ച ഓൺലൈൻ പരിശീലനങ്ങൾ

1. ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ എൽ ഇ പി

2. എൽ പി യു പി പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി ഇ പി

3. ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി ഇ പി

(1) ദേശീയ അന്തർദേശീയ പ്രധാന്യമുള്ള അക്കാദമിക് ജേർണൽ Edulead എന്ന പേരിന് RNI രജിസ്ട്രേഷൻ നേടിയെടുത്തു. ആദ്യ ലക്കത്തിന്റെ പ്രസിദ്ധീകരണത്തിനാവശ്യമായ ഇൻവൈറ്റഡ് ആർട്ടിക്കിൾസ് ശേഖരിക്കുകയും ആർട്ടിക്കിളുകളുടെ

പ്രയർ റിവ്യു നടത്തുകയും ചെയ്തു. ആയതിന്റെ റിപ്പോർട്ടുകൾ അടുത്ത വർഷമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.
(2) കേരളത്തിന്റെ പൊതുവിദ്യഭ്യാസ മേഖലയിൽ കോവിഡ് 19 മഹാമാരി സൃഷ്ടിച്ച ആഘാതം എത്രത്തോളമാണെന്ന് കണ്ടെത്തുന്നതിന് വേണ്ടി പഠനം നടത്തി. ആയതിന്റെ റിപ്പോർട്ടുകൾ അടുത്ത വർഷമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.
(3) സർക്കാരിന്റെ രണ്ടാം നൂറു ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഗോത്രമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ ഒരു പഠനം എന്ന ഗവേഷണ പദ്ധതി ആരംഭിച്ചു. ആയതിന്റെ റിപ്പോർട്ടുകൾ അടുത്ത വർഷമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

1-4 ബജറ്റ്

സീമാറ്റ് മെമ്മോറാൻഡം ഓഫ് അസോസിയേഷനിലെ ഖ.5(m) പ്രകാരം ബജറ്റ് തയ്യാറാക്കിയ ശേഷം ചെലവ് ചെയ്യേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സീമാറ്റ് നിയമാവലിയിലെ റൂൾ (എച്ച്) പ്രകാരം സാമ്പത്തിക വർഷത്തിന്റെ ആരംഭത്തിൽ തന്നെ ഡയറക്ടർ സ്ഥാപനത്തിന്റ വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതും, എക്സിക്യൂട്ടീവ് കമ്മറ്റിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്. 15.10.2022 ലാണ് എക്സിക്യൂട്ടീവ് കമ്മിറ്റി 2021-22 വർഷത്തിലെ ബജറ്റ് അംഗീകരിച്ചിട്ടുള്ളത്. സാമ്പത്തിക വർഷം ആരംഭിക്കുന്നതിനുമുൻപായി ബജറ്റ് തയ്യാറാക്കി എക്സിക്യൂട്ടീവ് കമ്മറ്റി അംഗീകരിച്ച് സാമ്പത്തിക വർഷാരംഭം മുതൽ ബജറ്റ് പ്രൊവിഷൻ അനുസരിച്ച് ചെലവ് നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി 3 നുള്ള മറുപടിയിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയും ജനറൽ കൗൺസിലും പുനഃസംഘടിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവിറങ്ങിയത് 07.07.2022 ൽ ആയിരുന്നുവെന്നും പിന്നീട് ഇരു സമിതിയുടെയും യോഗം ചേർന്നത് 15.10.2022 ലാണെന്നും സംസ്ഥാന സർക്കാരിൽ നിന്നും വർഷാവർഷം ഗ്രാന്റ് ഇൻ എയ്ഡ് ആയി ലഭിക്കുന്ന തുക വിനിയോഗിച്ചണ് സീമാറ്റ് കേരള പ്രവർത്തിക്കുന്നതെന്നും ഓരോ വർഷവും സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തുന്ന തുകയ്ക്ക് ഭരണാനാനുമതി തേടി ഇൻസ്റ്റിറ്റ്യൂട്ട് സമർപ്പിക്കുന്ന പ്രൊപോസൽ തന്നെയാണ് ബന്ധപ്പെട്ട വർഷത്തെ ബജറ്റ് ആയി മാറ്റിവരുന്നതെന്നും വർഷാരംഭത്തിൽ തന്നെ ഇത്തരത്തിലുള്ള പ്രൊപോസൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചു വരുന്നുണ്ടെന്നും ആയതിനാൽ ബഡ്ജറ്റിങ്ങിനു സീമാറ്റ് കേരളയുടെ കാര്യത്തിൽ സാങ്കേതികമായ പ്രാധാന്യം മാത്രമേയുള്ളൂ എന്നുമാണ് മറുപടി ലഭ്യമാക്കിയത്. ഭാവിയിൽ ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ നിയമാവലിയിലെ ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-5 ഗ്രാന്റുകൾ ചെലവഴിക്കാതെ അവശേഷിക്കുന്നു

സ്ഥാപനത്തിന്റെ അക്കൗണ്ട്സ് പ്രകാരം Grand in aid to MIS 174223/- രൂപയും Grant VHSE ഇനത്തിൽ 26017/- രൂപയും 2021-22 സാമ്പത്തിക വർഷത്തിൽ നീക്കിയിരിപ്പായിട്ടുണ്ട്. ആയത് 2019-20 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. കൂടാതെ Grant in Aid- State Govt ഇനത്തിൽ 1625596/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു. പ്രസ്തുത ഗ്രാന്റുകൾ ചെലവഴിക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ എൻകയറി 1 ന് സീമാറ്റിന്റെ കേരള ഘടകം സ്ഥാപിക്കുന്നതിനായി എം എച്ച് ആർ ഡി നൽകിയ 3 കോടി രൂപയിൽ ബാക്കി വന്ന തുകയാണ് 174233/- രൂപയെന്നും ആയത് സീമാറ്റ് കേരളയുടെ തുടർപ്രവർത്തനങ്ങൾക്കായി നീക്കിവച്ചതാണെന്നും വൊക്കേഷണൽ ഹയർ സെക്കന്ററി എന്റർപ്രൈണർഷിപ് ഫാക്കൽറ്റികൾക്കു വേണ്ടിയുള്ള പരിശീലന നടത്തിപ്പിലേയ്ക്കായി വി എച്ച് എസ് ഇ ഡയറക്ടേറ്റിൽ നിന്നും ലഭിച്ച 398895 രൂപയിൽ ബാക്കി വന്ന തുകയാണ് 26017/- രൂപയെന്നും ആയത് 2022-23 വർഷം സംഘടിപ്പിക്കുന്ന പരിശീലന പരിപാടിക്ക് ചെലവഴിക്കുന്നതാണെന്നും മുൻ സാമ്പത്തിക വർഷങ്ങളിൽ സർക്കാർ ഗ്രാന്റ് ഇൻ ഐഡായി അനുവദിച്ചു നൽകിയ തുകയിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുകയാണ് 1625596/- രൂപയെന്നും ഇത് 2022-23 സാമ്പത്തിക വർഷം വിനിയോഗിച്ചെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പ്രസ്തുത ഗ്രാന്റുകൾ ചെലവഴിച്ചിട്ടില്ലായെങ്കിൽ പ്രോഗ്രാമുകൾ തയ്യാറാക്കി തുക ചെലവഴിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

1-6 സമിതികൾ യോഗം ചേർന്നിട്ടില്ല

സ്ഥാപനത്തിന്റെ ഭരണചുമതലയും, നിയന്ത്രണവും എക്സിക്യൂട്ടീവ് കമ്മിറ്റി, ജനറൽ കൗൺസിൽ എന്നിവയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജനറൽ കൗൺസിലിൽ ചെയർമാൻ, വൈസ് ചെയർമാൻ എന്നിവർ ഉൾപ്പെടെ 23 അംഗങ്ങളും എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവർ ഉൾപ്പെടെ 10 അംഗങ്ങളുമാണ് ഉള്ളത്. വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രാവശ്യം ജനറൽ കൗൺസിൽ യോഗങ്ങളും (റൂൾ 13) മൂന്ന് മാസത്തിലൊരിക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും (റൂൾ 31) കൂടേണ്ടതാണെന്ന് നിയമാവലിയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം ജനറൽ കൗൺസിൽ എക്സിക്യൂട്ടീവ് കമ്മറ്റി എന്നിവ ഒരു പ്രാവശ്യം പോലും യോഗം ചേർന്നിട്ടില്ല. ഇരു സമിതികളുടെയും കാലാവധി പൂർത്തിയായതിനെ തുടർന്ന് അവ അടിയന്തിരമായി പുന:സംഘടിപ്പിക്കണം എന്ന് ആവശ്യപ്പെട്ട് സർക്കാരിനു പലതവണ കത്തു നല്കിയെങ്കിലും, 7/7/22 ൽ മാത്രമാണ് ഇതു സംബന്ധിച്ച സർക്കാർ ഉത്തരവ് ഇറങ്ങിയതെന്നും, അതിനാൽ ഓഡിറ്റ് വർഷം സമിതികൾ ഒരു പ്രാവശ്യം പോലും യോഗം ചേരാൻ സാധിച്ചില്ല എന്നും, ഇക്കാര്യത്തിൽ

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറി 4നുള്ള മറുപടിയിൽ അറിയിച്ചിരിക്കുന്നു. യോഗങ്ങൾ നിയമാവലിയിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 സർക്കാർ ധനസഹായം

ക്രമ നമ്പർ	ഉത്തരവ് നമ്പർ	തുക	തുക ലഭിച്ച തീയതി (A/C)
1	സ.ഉ.(സാധാ)നം/3245/2021/പൊ.വി.വ തീയതി 03.07.2021	10000000	20.07.2021 (Treasury savings bank account)
2	സ.ഉ.(സാധ)നം/1039/2022/പൊ.വി.വ തീയതി 23.02.2022	10000000	28.02.2022 (Treasury savings bank account)
3	Refund of resumed grant	1829161	04.06.2021 (Treasury savings bank account)

മറ്റു ധനസഹായം

ക്രമ നമ്പർ	ഗ്രാന്റ് നൽകിയ സ്ഥാപനം	തുക	തുക ലഭിച്ച തീയതി (A/C)
1	NIEPA	180007	01.02.2022(SBI)
2	HSS Grant in Aid	810600	14.02.2022

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 റ്റി ഡി എസ് ഫൈലിംഗിനായി പ്രോഫഷണൽ ചാർജ്ജ് നൽകുന്നു

സീമാറ്റിൽ ഇൻകം ടാക്സ് ഡിപ്പാർട്ടമെന്റിന് ത്രൈമാസികമായി റ്റി ഡി എസ് ഫൈൽ ചെയ്യുന്നതിന് പ്രോഫഷണൽ & അപ്ലോഡിംഗ് ചാർജ്ജ് ഇനത്തിൽ ഓഡിറ്റ് കാലയളവിൽ 16400/- രൂപ M/s മനു & Co എന്ന സ്ഥാപനത്തിനു നൽകിയിട്ടുണ്ട്. നിലവിൽ ഇൻകം ടാക്സ് ഡിപ്പാർട്ടമെന്റിന് ത്രൈമാസികമായി ചെയ്യേണ്ടുന്ന റ്റി ഡി എസ് ഫൈലിംഗ് അതാത് സ്ഥാപനങ്ങളിൽ തന്നെ ചെയ്യാവുന്നതാണ്. ഈ സാഹചര്യത്തിൽ പുറത്തുള്ള സ്ഥാപനങ്ങളെ പരമാവധി ആശ്രയിക്കാതെ തന്നെ റ്റി ഡി എസ് ഫൈൽ ചെയ്യുന്നതിന് സ്ഥാപനം നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

മുന്നിരിപ്പ്	3803969
വരവ്	23043546
ആകെ	26847515
ചെലവ്	24158525
നീക്കിയിരിപ്പ്	2688990

നീക്കിയിരിപ്പിന്റെ വിശദാംശം

ക്യാഷ് ഇൻ ഹാന്റ്	9110
1.എസ്.ബി.ഐ	1666335
അൺക്യാഷ്ഡ് ചെക്ക്	22500
പാസ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ്	1688834
2.ടി.എസ്.ബി	1013545

4-2 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ആകെ വരവ്	26847515
ആകെ ചെലവ്	24158525
നിരാകരിച്ച തുക	ഇല്ല
തടസ്സപ്പെടുത്തിയ തുക	ഇല്ല

(ബി) സീമാറ്റ് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

4-3 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2005-06, 2006-07, 2007-08	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1390/2017 തീയതി. 05.10.2017	5	-
2008-2009 മുതൽ 2010-2011 വരെ	കെ.എസ്.എ.റ്റി.വി.എം./മിസ്.1/134/2018 തീയതി. 31.01.2018	13	
2011-2012 മുതൽ 2015-16 വരെ	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1014/2018 തീയതി. 08.05.2018	16	
2016-2017 മുതൽ 2017-18 വരെ	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1004/2019 തീയതി. 08.10.2020	5	
2018-19	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1214/2020 തീയതി. 01.02.2021	17	
2019-20	കെ.എസ്.എ.റ്റി.വി.എം./മിസ്.1/503/2021 തീയതി. 03.05.2021	7	
2020-21	കെ.എസ്.എ.റ്റി.വി.എം./മിസ്.1/1552/2022 തീയതി. 30.03.2023	2	

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം 1

വരവ് ചെലവ് പത്രിക

അനുബന്ധം 1

വരവ് ചെലവ് പത്രിക 2021-22

വരവ്	തുക	ചെലവ്	തുക
Opening Balance Cash in hand - 175 SBI - 2790249 Treasury - 1013545	38,03,969	Salaries and allowances	1,11,28,237
State Grant	2,00,00,000	Resumption of State Govt. Grant in aid	84,67,539
Refund of resumed Grant	18,29,161	Resumption of HSS Grant in aid	13,71,925
HSS Grant-in-aid	8,10,600	Programme and activities (Schedule 11)	7,46,179
Grant in aid from NIEPA	1,80,007	Programme and activities – NIEPA (Schedule 13)	5,57,184
Refund of Temporary Advance for programmes	1,25,000	Consultation/Meeting	5,36,082
		Sitting fee	5,413
Bank interest SB	60,134	Requiring expenditure (Schedule 15)	4,45,412
Hall rent	14,000	Fuel charge and maintenance of vehicle	4,33,745
Sale of Old Newspaper	12,967	Office expenses	2,18,767
Prior period income	11,142	Temporary advance for programmes	1,25,000
RTI	347	Audit fee 2020-21	35,000
Refund of Deposit	188	Miscellaneous expenses	30,966
		Programme and activities – HSS (Schedule 12)	25,224
		Periodicals/Journals/Newspaper	17,787
		Other expenses (Repairs)	13,800
		Bank Charges	266
		Closing Balance Cash in hand – 9110 SBI – 1666335 Treasury - 1013545	26,88,990
Total	**2,68,47,515**	**Total**	**2,68,47,516**

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

2

ഓഡിറ്റ് സാക്ഷ്യപത്രം

സീമാറ്റ് കേരളയുടെ 2021-22 വർഷത്തെ വരവ്, ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഇത് സംബന്ധിച്ച നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജോയിന്റ് ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്